# 4

# ആരംഭതെറ്റിന്റെ പകർപ്പ് ആയിരുന്നു നാദാബ്

*വേദഭാഗം:1 രാജാക്കന്മാർ 15:25–31*

രക്ഷകർത്താക്കൾ എന്തു പഠിപ്പിച്ച് മാതൃകയായി കാണിച്ചു കൊടുക്കുന്നുവോ അതാണ് സാധാരണ കുട്ടികൾ ജീവിതത്തിൽ സത്യമായി എടുക്കുന്നത്. അത് നാം ദൈവത്തിന്റെ സുവിശേഷം അവർക്ക് മുൻപിൽ വെച്ചാലും അല്ലെങ്കിൽ ലോകത്തിന്റേയും സാത്താന്റേയും ഉപദേശം വെച്ചാലും വാസ്തവമാണ്. അവർ പകർത്തുന്നതനുസരിച്ചാണ് ജീവിക്കുന്നത്. തങ്ങളുടെ കുട്ടികൾ തങ്ങളെയാണ് മിക്കവാറും കണ്ട് പഠിക്കുന്നതെന്നോർത്ത്, ഭയത്തോടെ വേണം ജീവിക്കുവാൻ. വീട്ടിനുള്ളിൽ നടക്കുന്നത് വ്യക്തമായും മനസിലാക്കുന്നത് കുട്ടികളായിരിക്കും. മാതാപിതാക്കൾ ആദ്യം മനസിലാക്കേണ്ടത്, “അപ്പനെ പോലെ മകനും; അമ്മയെപോലെ മകളും.” എന്ന സത്യമാണ്.

നാം പറയുന്നതും ചെയ്യുന്നതും ഒരുപക്ഷെ കുട്ടികൾ അനുകരിക്കുകയില്ലായിരിക്കും, എന്നാൽ അവർ കൂടുതലും അനുകരിക്കുന്നത്, നാം എന്താണ് എന്നതാണ്. ജീവിതത്തിന്റെ കേന്ദ്രത്തിലേക്ക് ഞാൻ എന്നോടുതന്നെ ചോദിക്കണം: “എന്റെ ഉള്ളിൽ, ഞാൻ വാസ്തവത്തിൽ ആരാണ് എന്നത് ദൈവം അല്ലാതെ ആരും അറിയുന്നില്ല. അല്ലേ?” ആ ചോദ്യത്തിന് ഞാൻ ഉത്തരം കണ്ടെത്തി കഴിഞ്ഞാൽ, ഞാൻ മറ്റൊരു ചോദ്യത്തിന് ഉത്തരം കണ്ടെത്തണം: “ഞാൻ എന്താണ് പുറപ്പെടുവിക്കുന്നത്?” കുട്ടികൾ എങ്ങനെ ആയിരിക്കണം എന്ന് ദൈവം രൂപപ്പെടുത്തിയിരിക്കുന്നതുപോലെ ആയിരിക്കയില്ല, നാം അവർക്ക് കാണിച്ചു കൊടുക്കുന്നത്.

മക്കൾ ഉത്തരവാദിത്തമുള്ള ക്രിസ്ത്യാനികളായി തീരുവാൻ ആവശ്യമായ സ്വാധീനശക്തി മാതാപിതാക്കൾ ജീവിതത്തിൽ-കാണിച്ചുകൊടുക്കുവാനാണ് ദൈവം അവർക്ക് ഈ ജീവിതം നൽകിയിരിക്കുന്നത് (സദൃശവാക്യങ്ങൾ 22:6; എഫെസ്യർ 6:1, 2). മക്കൾ വളരുമ്പോൾ അവരെ ഉപദേശിക്കുവാനുള്ള നല്ല സമയം വീട്ടിൽ വെച്ചായിരിക്കും. പിന്നീടാകട്ടെ എന്നുവെച്ചാൽ താമസിച്ചുപോകും. മാതാപിതാക്കൾ ഓരോ ദിവസവും ക്രിസ്തുവിനോടുകൂടി ജീവിക്കുന്നത് മക്കൾ കാണുമ്പോൾ, ക്രിസ്തു അവരുടെ ജീവിതത്തിൽ അപ്പോഴും, ശേഷം ഭാഗത്തിലും അവരുടെ മനസിലും ജീവിതത്തിലും കയറും.

സംഭാഷണവും അതുപോലെ വാസ്തവമാണ്: ആത്മീയ ഉദാസീനതയോടുകൂടിയോ അല്ലെങ്കിൽ ദുഷ്ടതയോടുകൂടിയോ ഉള്ള അന്തരീക്ഷത്തിൽ കുട്ടികൾ രാവും, പകലും ജീവിച്ചാൽ, അവരുടെ ചുറ്റുപാടിനനുസരിച്ചുള്ള ജീവിതത്തിന് അവർ നിർബന്ധിതരാകും. അവൻ ഇരയായ തരംതാഴ്ന്ന കുടുംബാന്തരീക്ഷത്തിൽനിന്നുയർന്ന ആത്മിയ നിലവാരത്തിലേക്കോ, അല്ലെങ്കിൽ തനിക്കു ചുറ്റുമുള്ള തരംതാഴ്ന്ന ആത്മിയ തലത്തിലേക്കോ കുട്ടി പോയേക്കാം. പക്ഷെ, കുട്ടികൾ നല്ലൊരു ശതമാനവും അവർ വീട്ടിൽനിന്നു പഠിച്ചതുപോലെ ആകുവാനാണ് സാധ്യത.

നീചനായ ഒരു മകനുള്ള അപ്പനിലേക്ക് നമ്മുടെ ഹൃദയങ്ങൾ പോകുന്നു.

ആ കുട്ടി ഇരട്ടി ശപിക്കപ്പെട്ടവനാകും. അവന് ശരിയായ കുടംബജീവിതം കിട്ടിയിട്ടില്ല, കാരണം ഒരപ്പനു മാത്രം നൽകുവാൻ കഴിയുന്ന ആത്മിയ ജീവിതം ആ കുട്ടിക്ക് ലഭിച്ചില്ല. അവന്റെ പ്രായപൂർത്തിയെത്തിയ ജീവിതം പ്രയാസമുള്ളതായിരിക്കും, കാരണം അവന് വീട്ടിൽനിന്നുള്ള മാർഗനിർദ്ദേശവും, പ്രോൽസാഹനവും, ആരംഭകാലത്ത് അപ്പൻ/മകൻ ബന്ധം എന്നിവ ബാല്യത്തിൽ കിട്ടിയില്ല, അതെല്ലാം പ്രായപൂർത്തിയെത്തുമ്പോഴത്തെ ജീവിതത്തിന് അനിവാര്യമാണ്. ഒരു ക്രിസ്തീയ അപ്പനെ കൂടാതെയുള്ള ഒരു ബാലന്റെ ജീവിതം ഖേദകരമായിരിക്കും.

പ്രയോജനരഹിതവും പാഴാക്കിയതുമായ, ഒരു ജീവിതമായിരുന്നു യിസ്രായേലിലെ രണ്ടാമത്തെ രാജാവായിരുന്ന നാദാബിന്റേത്. അവന്റെ അപ്പൻ, മതപരമായ ഒരു പാപി ആയിരുന്നു. ഒരു അപ്പനിൽനിന്നും അധികമൊന്നും ലഭിക്കാത്ത മകൻ, ഏതാണ്ട് അപ്പനെ പോല ആകുവാനാണ് സാധ്യത. അധികവും അങ്ങനെ ആകണമെന്നില്ല. ഒരു വാചകത്തിൽ പറഞ്ഞാൽ, അതായിരുന്നു നാദാബിന്റെ ജീവിതം. നാം കണ്ടുകഴിഞ്ഞതുപോലെ, അവന്റെ അപ്പനായ യൊരേബയാം ഒരു കാര്യം ചെയ്തു: അവൻ യിസ്രായേലിനെ പാപത്തിലേക്ക് നയിച്ചു. നാദാബ് രണ്ട് വർഷത്തിൽ താഴെ, ബി. സി. 910 മുതൽ ബി. സി. 909 വരെ (15:25) വാണത്, അഹിയാവ് പ്രവചിച്ചതുപോലെ, യൊരേബയാം ഗൃഹത്തിന്റെ വാഴ്ച്ചയുടെ അവസാനമായിട്ടായിരുന്നു (15:29).

നാദാബ് തന്റെ അപ്പന്റെ പിൻഗാമിയായപ്പോൾ, തെക്കേ രാജ്യത്തിൽ ആസയുടെ വാഴ്ച്ചയുടെ രണ്ടാമാണ്ട് ആയിരുന്നു (15:25). നാദാബിനെ കുറിച്ചു പറയുവാൻ ഏഴ് വാക്യങ്ങൾ മാത്രമാണ് നീക്കി വെച്ചത്. അതു ധാരാളം മതിയാകും. അവനെ കുറിച്ച് പരിശുദ്ധാത്മാവ് വളരെ കുറച്ചു മാത്രമാണ് പറഞ്ഞിരിക്കുന്നത്. അവന്റെ ജീവിതത്തെ വിശദമായി എഴുതുവാൻ ശ്രമിക്കുന്നത് ഒരുപക്ഷെ കടലാസും മഷിയും പാഴാക്കുന്നതായിരിക്കാം. അവൻ തന്റെ അപ്പന്റെ കാൽപാടുകളെ പിൻപറ്റി എന്നല്ലാതെ മറ്റൊന്നും അവനെ കുറിച്ചു പറയുവാനില്ല. ആ പറഞ്ഞതു മതി; അത് എല്ലാമായി.

ഓരോരുത്തരും ആദ്യമായി ജനിക്കുകയും പകർപ്പായി മരിക്കുകയും ചെയ്യുന്നു എന്ന് ആരോ പറഞ്ഞിരിക്കുന്നു. മിക്ക ആളുകളും ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ പകർപ്പുകളാകുന്നു. അവർ തങ്ങളുടെ അമ്മയപ്പന്മാരുടെ പകർപ്പുകളാകുന്നു. അങ്ങനെയല്ലെങ്കിൽ, അതൊരു ആകസ്മിക വിപത്തായിരിക്കും. രക്ഷകർത്താക്കൾ മക്കളെ രൂപപ്പെടുത്തുന്നു എന്നത് നാദാബിന്റെ കാര്യത്തിൽ വാസ്തവമാണ്. നാദാബ് അപ്പനെ പോലെ ആയി. അവന്റെ അപ്പൻ വിശാലമായ മനുഷ്യതെറ്റായിരുന്നതിനാൽ, നാദാം ആദ്യത്തേതിന്റെ പകർപ്പായിത്തീർന്നു! ആദ്യത്തേത് മോശമായതിനാൽ പകർപ്പും മോശമായി.

അത് എത്രമാത്രം സത്യമായിരുന്നു എന്ന് ഓർത്ത് വിലപിക്കുക!

## ദൈവത്തോടുള്ള അവന്റെ മനോഭാവം

മനോഭാവത്തിൽ, നാദാബ് തന്റെ അപ്പന്റെ കാൽച്ചുവടുകളെയാണ് പിൻപറ്റിയത്:

> അവൻ യഹോവക്ക് അനിഷ്ടമായുള്ളത് ചെയ്തു, തന്റെ അപ്പന്റെ വഴിയിലും അവൻ യിസ്രായേലിനെ കൊണ്ടു ചെയ്യിച്ച പാപത്തിലും നടന്നു (15:26).

"അവന്റെ വഴിയിൽ, അവൻ യിസ്രായേലിനെക്കൊണ്ട് പാപം ചെയ്യിച്ചു" എന്ന പ്രയോഗം വടക്കേ രാജ്യത്തെ എല്ലാ രാജാക്കന്മാരെ കുറിച്ചും ആവർത്തിച്ചു പറഞ്ഞിരിക്കുന്നു.[1] പൊന്നുകൊണ്ടുള്ള കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുന്ന ഏർപ്പാട് യൊരേബയാം തുടങ്ങി വെച്ചതു മറ്റുള്ളവർ തുടർന്നു എന്നാണ് അത് വ്യക്തമാക്കുന്നത്. നാദാബ് അതുണ്ടാക്കിയില്ല, പക്ഷെ അവൻ അത് നീക്കം ചെയ്യാതെ അതിനെ ആരാധിക്കുന്ന ഏർപ്പാട് തുടരുകയാണ് ചെയ്തത്. അത് തുടർന്നതിന്റെ ഉത്തരവാദിത്തം നാദാബിനായിട്ടാണ് ദൈവം പറഞ്ഞത്. തെറ്റായ ആരാധനയെ നിർത്തുവാൻ അവന് അധികാരമുണ്ടായിരുന്നു; പക്ഷെ അവൻ അത് ചെയ്തില്ല. അത്തരം തെറ്റ് നാദാബ് മാത്രമല്ല, പിന്നീട് വന്ന എല്ലാവരും തുടർന്നു. ഈ പാപത്തിന് ദൈവം അവരെ ശാസിക്കുകയും ചെയ്തു.

നമ്മുടെ മക്കൾ ആദ്യം ദൈവത്തെ കാണുന്നത് നമ്മിൽ കൂടെയാണെന്ന് തിരിച്ചറിയുന്നത് മാതാപിതാക്കളെ സംബന്ധിച്ച് മഹത്തായ കാര്യമാണ്! അമ്മയുടെ കൈകളിൽ കിടക്കുന്ന ശിശുവിന് ബൈബിൾ വായിക്കുവാനോ പഠിക്കുവാനോ കഴിയുകയില്ല; അവനോ അവളോ ദൈവത്തിങ്കലേക്ക് നയിക്കുവാൻ തന്റെ അപ്പനെയും അമ്മയേയും ആണ് ആശ്രയിക്കുന്നത്. മാതാപിതാക്കൾ എന്ന കണ്ണാടിയിൽ കൂടെയാണ് ശിശുക്കൾ ദൈവത്തെ കാണുവാൻ നോക്കുന്നത്. ബാല്യത്തിൽ കുട്ടികൾക്ക് ദൈവത്തെ കുറിച്ചുള്ള കാഴ്ച്ചപ്പാട് നമ്മുടെ കാഴ്ച്ചപ്പാടിൽനിന്നാണ് ലഭിക്കുന്നത്. നമ്മുടെ മനസിലാക്കൽ ശരിയായാലും തെറ്റായാലും, ദൈവത്തെ കുറിച്ച് നാം പറയുന്നത് അവർ സ്വീകരിക്കും. അവർ സ്വന്ത മനസുകളാലും ഹൃദയങ്ങളാലും ദൈവത്തെ കാണുന്നതുവരെ നാം മുഖാന്തരമാണ് അവർ ദൈവത്തെ കാണുന്നത്.

പിന്നീട്, അവർ തങ്ങൾക്ക് വേണ്ടി ചിന്തിക്കുവാൻ തുടങ്ങുമ്പോൾ, അവർ നമ്മിൽ ദൈവത്തെ കുറിച്ച് കണ്ടതനുസരിച്ചും നമ്മിൽനിന്നും പഠിച്ചതനുസരിച്ചും വിവേചിക്കുവാൻ തുടങ്ങും. ക്രമേണ, അവരുടെ വാസ്തവത്തിലുള്ള വിശ്വാസവും ജീവിതവും നമ്മിൽ കണ്ടതനുസരിച്ചായിരിക്കും, നാം അവരെ പഠിപ്പിച്ചത് വായിക്കുവാനും ചിന്തിക്കുവാനും ആരംഭിക്കും. അവർക്ക് അവരുടേതായ മനസും, ഹൃദയവും ജീവിതവുമുണ്ടാകും, പക്ഷെ ആദ്യത്തെ പതിനാലു മുതൽ പതിനാറുവരെയുള്ള വർഷങ്ങളിൽ നാം ദൈവത്തെ അവരുടെ മനസിലും ഹൃദയത്തിലും കൊടുക്കുന്നതനുസരിച്ചായിരിക്കും ഉള്ളത്.

ഫറവോന്റെ രാജധാനിയിൽ രാജകുമാരനായി വളർത്തപ്പെട്ടുവെങ്കിലും മോശെക്ക് അവന്റെ അമ്മയുടെ ലാളനയും ഉപദേശവും ലഭിച്ചിരുന്നു (പുറപ്പാട് 2:8). മോശെ ഒരു പുരുഷൻ ആയി വളർന്നതിനിടക്ക് ഒരുപക്ഷെ വല്ലപ്പോഴും അവർ തമ്മിൽ കണ്ടിരിക്കാം. മിസ്രയിമിലെ മിന്നുന്ന പൊന്നും സമ്പത്തും വേണമെങ്കിൽ അവന് സ്വായത്തമാക്കാമായിരുന്നു. അവന് ഫറവോനായി, മിസ്രയിം മുഴുവൻ ഭരിക്കാമായിരുന്നു; എന്നാൽ മുപ്പതാം വയസിൽ യിസ്രായേൽ ദേശത്ത് ചെന്ന് തന്റെ ജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നത് അവൻ തിരഞ്ഞെടുത്തു (എബ്രായർ 11:24–26). അമ്മ അവന് പ്രാരംഭ പ്രായത്തിൽ നൽകിയ ഉപദേശമായിരുന്നു ആ തിനരഞ്ഞെടുപ്പിന് അവനെ പ്രേരിപ്പിച്ചത്. അവന് മിസ്രയിമിൽ ലഭിച്ച വിദ്യാഭ്യാസത്തിനൊന്നും - മായ്ച്ചു കളയാവുന്നതായിരുന്നില്ല മോശെക്ക് കിട്ടിയ ദൈവത്തെ കുറിച്ചുള്ള പഠനം.

നാദാബിന് നയിക്കുവാൻ അവനു മുൻപിൽ ഒരു സിംഹാസനവും ഒരു ദേശവും ഉണ്ടായിരുന്നു. അവന് പ്രായപൂർത്തിയായി. അവൻ നേതൃത്വത്തിലേക്ക് ഉയർന്നു. അവൻ എങ്ങനെ ജീവിച്ചു, എന്തു ചെയ്തു, ദേശത്തെ ഏതു

ദിശയിലേക്ക് നയിച്ചു എന്നെല്ലാം ചരിത്രം രേഖപ്പെടുത്തും. ആ നിമിഷത്തിലേക്ക് അവൻ തയ്യാറായത് എങ്ങനെയാണ്? അവന്റെ തയ്യാറെടുപ്പ് പല രീതിയിലും പല വഴികളിലും കൂടെ വന്നു, എന്നാൽ പ്രാഥമിക വിദ്യാഭ്യാസം, അവന്റെ അപ്പനായിരുന്ന യൊരേബയാമിൽ നിന്നായിരുന്നു. യൊരേബെയാം എങ്ങനെ ദേശത്തെ നയിച്ചു എന്നതു കണ്ട മാർഗമായിരുന്നു അവൻ അവലംബമാക്കിയത്. അവൻ അതിന് മാറ്റം വരുത്തുവാൻ ശ്രമിച്ചോ? അതോ അങ്ങനെ തന്നെ പിന്തുടർന്നോ? ബൈബിൾ വായിക്കുന്നവർക്ക് മനസിലാക്കുവാനായി ഉത്തരം പരിശുദ്ധാത്മാവ് ബൈബിളിൽ നൽകിയിരിക്കുന്നു: "അവൻ തന്റെ അപ്പന്റെ വഴികളിൽ നടന്നു ..." (15:26).

നികുതി ഭാരത്തിൽനിന്ന് ഒഴിവാകുന്നതിനേക്കാളും, പ്രദേശം വ്യാപിപ്പിക്കുന്നതിനേക്കാളും, സൈന്യത്തെ വർദ്ധിപ്പിക്കുന്നതിനേക്കാളും ദേശത്തിന് ആവശ്യം നീതിയായിരുന്നു. നാദാബിന് ആ ആവശ്യം കാണുവാൻ കഴിഞ്ഞില്ല. അവന്റെ അപ്പന്റെ ജീവിതത്താൽ അവൻ അന്ധനായി തീർന്നിരുന്നു. യൊരോബയാം അവന്റെ മുൻപിൽ എന്തു കാണിച്ചുവോ അതായിരുന്നു അവന് പ്രധാനം. അവന്റെ അവസാനം കുറിച്ചപ്പോൾ, അവൻ തന്റെ അപ്പനെ അനുകരിച്ച് മൃഗീയമായ വഴി സ്വീകരിച്ചു.

## മനുഷ്യരോടുള്ള അവന്റെ പ്രവൃത്തി

ദാനിലും, ബേഥേലിലും ഉയർന്ന പ്രദേശങ്ങളിലും നാദാബ് ചെയ്തത് മതപരമായി ചിന്തക്ക് വിഷയമാക്കി, എന്നാൽ അവന്റെ മറ്റു പ്രയത്നങ്ങളും ക്രിയകളുമോ? അതു രസകരമായ ചോദ്യമാണ്. മറ്റു കാര്യങ്ങളിലും അവൻ തന്റെ അപ്പനെയാണ് അനുകരിച്ചത് എന്ന് പറയാം. നാദാബിന്റെ ജീവിതത്തിലെ ഒരു സംഭവം തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നു. സ്പഷ്ടമായും, അവന്റെ പ്രവൃത്തികൾ പറയുവാൻ കൊള്ളാവുന്നതല്ല. അങ്ങനെയായിരുന്നു ജീവിതം. അവൻ ദൈവത്തെ - പുറം - തള്ളി വലിയ - വട്ട - പ്പൂജ്യ - മാക്കി. രാജാവായാലും, യാചകനായാലും, ഉദ്യോഗസ്ഥനായാലും, വ്യവസായി ആയാലും, അവനിൽനിന്ന് നീതി എടുത്തു മാറ്റിയാൽ, പിന്നെ അവനിൽ അധികമൊന്നും അവശേഷിക്കുകയില്ല. അപ്രകാരമായിരുന്നു യൊരേബയാമും, അവന്റെ മകൻ നാദാബും.

യൊരേബയാമിന്റെ യുദ്ധങ്ങളെ കുറിച്ച് അൽപം മാത്രം രേഖപ്പെടുത്തിയിരിക്കുന്നു (2 ദിനവൃത്താന്തം 13:19). യൊരേബയാം സ്വന്ത മതമുണ്ടാക്കിക്കൊണ്ടാണ് നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നത്. അവന്റെ മകൻ അപ്പന്റെ കാൽച്ചുവടുകളെ പിൻപറ്റുകയായിരുന്നു. ദാനിന്റെ പ്രദേശമായിരുന്ന ഗിബ്ബെഥോനെ നാദാബിന്റെ വാഴ്ച്ചയിൽ വളഞ്ഞതായി മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് (15:28). അത് ലേവ്യരുടേതായിരുന്നു, അവർ ഉപേക്ഷിച്ചുപോയതായിരുന്നു. ലേവ്യർ തെക്കേ രാജ്യത്തിലേക്ക് കുടിയേറി പാർക്കുകയും, ഫെലിസ്ത്യർ അങ്ങനെ അതു കൈക്കലാക്കുകയും ചെയ്തിരുന്നു. അതു കാണിക്കുന്നത്, കാളക്കുട്ടിയെയും പുതിയ ആരാധനയെയും പുരോഹിതന്മാർ സ്വീകരിച്ചില്ല എന്നാണ്. അതിനാൽ ദൈവിക മാതൃകയനുസരിച്ചുള്ള ആരാധനക്ക് തെക്കേ രാജ്യത്തിലേക്ക് പോകുകയല്ലാതെ അവർക്ക് മറ്റു മാർഗമില്ലായിരുന്നു. ആ സമയത്ത് ഗിബ്ബെഥോൻ ഫെലിസ്ത്യരുടെ നിയന്ത്രണത്തിലായിരുന്നതിനാൽ, നാദാബ് അതിനെ പിടിച്ചെടുക്കുവാൻ ആഗ്രഹിച്ചു.

അതുകൊണ്ട് നാദാബിന്റെ പങ്ക് ചെറുതും അപ്രധാനവുമായിരുന്നു. അവൻ ദേശത്തെ തെറ്റായി നയിക്കുകയായിരുന്നു. അവന്റെ വാഴ്ച്ച യോഗ്യത

ഇല്ലാത്തതായിരുന്നതിനാൽ, അവന്റെ പേർ തന്നെ ആളുകൾ മറന്നുപോയി. അവനെ കുറിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്നത് വളരെ കുറച്ചു പണ്ഡിതന്മാർക്കു മാത്രം ഓർമ്മയുണ്ടാകും.

നാം മരിക്കുമ്പോൾ, നമ്മെ കുറിച്ചു നമ്മുടെ ബന്ധുക്കൾ കുറെ നാളത്തേക്ക് പറഞ്ഞുകൊണ്ടിരിക്കും, എന്നാൽ കാലക്രമേണ അവർക്കിടയിലും നാം ഓർമ്മ വിട്ടുപോകും. നാം ഈ ഭൂമിയിൽനിന്നു വിട്ടു*പോകും* - ഭൗതികമായി മാത്രമല്ല, പൂർണ്ണമായും. ഈ ലോകത്തിൽ നമ്മുടെ ഓർമ്മകൾക്കും പേരുകൾക്കുമപ്പുറം നിലനിൽക്കുന്നത് നമ്മുടെ സൽപ്രവൃത്തികളും ദൈവഭക്തിയുള്ള ജീവിതവുമാണെന്ന് തിരിച്ചറിയുന്നത് ആശ്വാസപ്രദമാണ് (വെളിപ്പാട് 14:13). ഇവിടെ ദൈവേഷ്ടത്തിനു വിരുദ്ധമായി ജീവിച്ച ജീവിതങ്ങളെല്ലാം മറന്നു പോകും, അയാളുടെ ജീവിതകാലശേഷം, അവൻ അനുഗ്രഹിക്കപ്പെടാതെ ശപിക്കപ്പെടും.

### അവസാനം അവൻ കൊല്ലപ്പെട്ടപ്പോൾ

നാദാബിന്റെ ജീവിതം എങ്ങനെയാണ് അവസാനിച്ചത്? നിങ്ങളെത്തന്നെ ശക്തിപ്പെടുത്തുക. ഒരാൾ തന്റെ അപ്പനെ പോലെ ജീവിച്ചാൽ, അപ്പനെ പോലെ മരിക്കും എന്നു പറയാം. നമ്മുടെ ശവസംസ്ക്കാരത്തെ പ്രസംഗിക്കുന്നതാണ് നമ്മുടെ ജീവിതം.

ഒരു രാജാവായി നാദാബ് വിലയില്ലാത്തവനായിരുന്നു, അധികം താമസിക്കാതെ അവന്റെ കീഴിലുള്ളവർ മുന്നോട്ട് വന്നു. നാദാബിന്റെ സേനാനായകനായിരുന്ന ബെയെശാ അവനെതിരെ ഗൂഢാലോചന നടത്തി, നാദാബിനെയും അവന്റെ ഗൃഹത്തിലുള്ളവരെ ഒക്കെയും കൊന്നു രാജ്യം പിടിച്ചെടുക്കുകയും ചെയ്തു, അങ്ങനെ അഹിയാവിന്റെ പ്രവചനം നിറവേറി:

> അവൻ രാജാവായ ഉടനെ യൊരേബയാം ഗൃഹത്തെ മുഴുവനും നിഗ്രഹിച്ചു. യഹോവ ശീലോന്യനായ അഹീയാവ് എന്ന തന്റെ ദാസൻ മുഖാന്തരം അരുളിച്ചെയ്ത വചനപ്രകാരം അവൻ യൊരേബയാമിന്നു ശ്വാസമുള്ള ഒന്നിനേയും ശേഷിപ്പിക്കാതെ അശേഷം നശിപ്പിച്ചുകളഞ്ഞു. യൊരേബയാം ചെയ്തതും യിസ്രായേലിനെകൊണ്ടു ചെയ്യിച്ചതുമായ പാപങ്ങൾ നിമിത്തവും തന്നെ (15:29, 30).

ദൈവം ഒരു രാജാവിനെ എഴുന്നേൽപിച്ച് യൊരേബയാമിന്റെ ഗൃഹത്തെ മുഴുവനും നശിപ്പിക്കുമെന്ന അഹിയാവിന്റെ പ്രവചനം നിറവേറ്റി (14:12-16). ആ പ്രവചനം ദൈവം നിറവേറ്റിയത് ബെയേശാ മുഖാന്തരമായിരുന്നു.

അവസാനം, യൊരേബയാമിനെ ദൈവം വിധിച്ചു, ദൈവം അവനെ കൊന്നു കളഞ്ഞു. അവസാനം ബെയേശായെ ഉപയോഗിച്ച് ദൈവം നാദാബിനെ കൊന്നു വിധി നടപ്പാക്കി. ദുഷ്ടതക്ക് അതിന്റേതായ വില കൊടുക്കേണ്ടിവരും. ദുഷ്ടന്റെ ജീവിതം ദുരന്തത്തിലേക്കാണ് പോകുന്നത്. എന്നാൽ അവൻ മാനസാന്തരപ്പെടാതെ മരിച്ചാൽ അത് ദാരുണമായിരിക്കും.

ചില സംഭവങ്ങൾ എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്ന് നമ്മെ മനസിലാക്കുവാൻ 1 ഉം 2 ഉം രാജാക്കന്മാരുടെ പുസ്തകങ്ങളിലെ ചില വ്യക്തികളുടെ പശ്ചാത്തലങ്ങളിലേക്ക് പരിശുദ്ധാത്മാവ് നമ്മെ കൊണ്ടുപോകുന്നു. യൊരേബയാം, വെറുതെ മരിക്കുകയായിരുന്നില്ല; ദൈവമാണ് അവനു മരണം

കൊണ്ടുവന്നത്. നാദാബിന്റെ മരണം വെറുമൊരു കുലപാതകമായിരുന്നില്ല; അത് അവന്റെ ജീവിതത്തിൽ ദൈവം ന്യായവിധി നടത്തിയതാണ്! മനുഷ്യൻ തന്റെ കണ്ണുകളാൽ ചില സംഭവങ്ങൾ കാണുന്നു, എന്നാൽ അതിന്റെ പിന്നിൽ ചിലതു നേടുവാനോ അല്ലെങ്കിൽ ചിലതു സംഭവിക്കുവാനോ ദൈവം അനുവദിക്കുന്നു. ഈ ലോകത്തിൽ നാം വിശ്വാസത്താൽ നടക്കയും, ദൈവത്തിന് യോഗ്യമായ രീതിയിൽ ജീവിച്ചാൽ അവൻ നമ്മെ അനുഗ്രഹിക്കുകയും ചെയ്യും. ഈ ലോകത്തിൽ നമുക്ക് കാണുവാനോ മനസിലാക്കുവാനോ കഴിയാത്തത് നിത്യതയിൽ എല്ലാം ഒരുപക്ഷെ കഴിയുമായിരിക്കാം.

**ഉപസംഹാരം**

ഒരു ശക്തമായ വാചകം നാദാബിന്റെ ജീവിതത്തിൽ ഇടുന്നത് നന്നായിരിക്കും: "... അവൻ തന്റെ അപ്പന്റെ വഴിയിൽ നടന്നു ..." (15:26). അവൻ ഒരു സ്വതന്ത്ര ജീവിയായിരുന്നു. അവന് മാറാമായിരുന്നു, വ്യത്യസ്ത വഴിയിൽ സഞ്ചരിക്കാമായിരുന്നു, ഒരു ആത്മിയ നേതാവായി തീരാമായിരുന്നു – പക്ഷെ അവൻ അപ്പന്റെ വേഴിയിൽ സഞ്ചരിക്കുവാനാണ് ഇഷ്ടപ്പെട്ടത്. തെറ്റായ ഒരാരംഭത്തിന്റെ പകർപ്പായിരുന്നു അവന്റെ ജീവിതമെന്ന് ചരിത്രം വിരൽ ചുണ്ടുന്നു.

ഒരു സുവിശേഷ പ്രാസംഗികന്റെ മകൻ സുവിശേഷകനായി പ്രവർത്തിക്കുന്ന സ്ഥലത്ത് അടുത്ത സമയത്ത് ഞാൻ പ്രസംഗിക്കുവാനായി പോയി. അദ്ദേഹത്തോടൊപ്പം ഞാൻ ചുരുങ്ങിയ സമയമേ ചെലവിട്ടുള്ളു എങ്കിലും, *ധാരാളം നല്ല ഗുണങ്ങൾ* ഞാൻ അദ്ദേഹത്തിൽ കാണുകയുണ്ടായി, അയാളെ കുറിച്ച് നല്ല ഒരു പ്രശംസയായി പറയുവാനുള്ളത് "നിങ്ങൾ നിങ്ങളുടെ അപ്പനെ പോലെ തന്നെയാണ്!" അദ്ദേഹത്തിന്റെ അപ്പൻ നല്ല ഒരു ഉപദേഷ്ടാവായിരുന്നു. ഈ യുവാവ് നല്ല ഒരു ഉപദേഷ്ടാവായി തീർന്നിരിക്കുന്നു. പിതാവിനെ പോലെ, തന്നെയാണ് മകനും. പൗലൊസ് എഴുതി, "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കയാൽ, നിങ്ങൾ എന്റെ അനുകാരിയായിരിപ്പിൻ" (1 കൊരിന്ത്യർ 11:1). നാദാബിന്റെ കാര്യത്തിൽ, അവനെ കുറിച്ച് *ഏറ്റവും മോശമായി* പറയുവാൻ കഴിയുന്നത് "അവൻ അവന്റെ അപ്പനെ പോലെ ആയിരുന്നു!" എന്നതാണ്. അത്തരം പരാമർശം അവന്റെ അപ്പന്റെ പരാജയവും അവന്റെ ഭാവിയും വ്യക്തമാക്കുന്നു. അവർ അവരുടെ അപ്പന്മാരെ പോലെ ആണെന്ന നല്ല പരാമർശം അപ്പന്മാരെ കുറിച്ച് പറയണം, അതിനർത്ഥം അപ്പന്മാരും മക്കളും വിജയിക്കുന്നു എന്നാണ്!

**പഠിക്കേണ്ട പാഠം:**
**തെറ്റായ ആരംഭം പകർത്താതിരിക്കുക.**

---

കുറിപ്പ്

[1]മൂന്ന് രാജാക്കന്മാരെ എണ്ണാമെങ്കിൽ വടക്കേ രാജ്യത്തിന് ഇരുപത് രാജാക്കന്മാർ ഉണ്ടായിരുന്നു.